കൈവിടാതിരിക്കാം.. കൈ കഴുകാം..

# കേരളസർവകലാശാല

നം.പി.ആർ.203/2020

ഫോൺ: 04712305738

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ജീവനക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിങ് : ഉദ്ഘാടനം.മന്ത്രി ഡോ. കെ ടി ജലീൽ

സർവകലാശാലയുടെ അനുദിനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരളസർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. സർവ്വകലാശാല ജീവനക്കാർക്കായി സംഘടിപ്പിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിങ് പ്രോഗ്രാം ഒക്ടോബർ 19 തിങ്കളാഴ്ച രാവിലെ 10 ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ ടി ജലീൽ ഉദ്ഘാടനം ചെയ്യും.

സർവകലാശാലയുടെ വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിങ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ തുടക്കമാണ് ഈ പരിശീലന പരിപാടി .സർവകലാശാല ആക്റ്റും സ്റ്റാറ്റ്യൂട്ടും, കെഎസ്ആർ, കെഎസ്എസ്ആർ, പബ്ലിക് ഗ്രീവിയൻസ് റിഡ്രസ്സ് & മോണിറ്ററിങ്ങ്സിസ്റ്റം, പബ്ലിക് റിലേഷൻസ് ആർടിഐ ആക്ട്, ഓഫീസ് പ്രൊസീജിയർ എന്നിങ്ങനെ വിവിധ മേഖലകളിലാണ് ജീവനക്കാർക്ക് പരിശീലനം നൽകുന്നത്. ആദ്യഘട്ട പരിശീലനം സർവകലാശാല അസിസ്റ്റൻറ്മാർക്കാണ് നൽകുന്നത്.കോവിഡ് മാനദണ്ഡം പാലിച്ചു നടത്തുന്ന പരിശീലന പരിപാടിയിൽ നേരിട്ട് 20 ജീവനക്കാരും 15 പേരടങ്ങുന്ന രണ്ട് ബാച്ച് ഓൺലൈനായും പങ്കെടുക്കുന്ന രീതിയിലാണ് സജ്ജീകരിച്ചിട്ടുള്ളത്. അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയിൽ അതാത് മേഖലയിലെ പ്രഗത്ഭരാണ് ക്ലാസ്സുകൾ നയിക്കുന്നത്. 15 ബാച്ചുകളിലായി അസിസ്റ്റൻറ്മാരുടെ പരിശീലനം തീരുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസർ അസിസ്റ്റൻറ്രജിസ്ട്രാർ ഡെപ്യൂട്ടി രജിസ്ട്രാർ ജോയിൻറ് രജിസ്ട്രാർ എന്നീ തസ്തികകളിലുള്ള ജീവനക്കാർക്കും പരിശീലനം നൽകുന്നതാണ്. ഇത് കൂടാതെ എല്ലാ ജീവനക്കാർക്കും കമ്പ്യൂട്ടർ പരിശീലനവും നൽകുന്നതാണ്.

## കേരള സർവ്വകലാശാല എം.ഫിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകൾ, യൂണിവേഴ്സിറ്റി കോളേജ്, സംസ്കൃത കോളേജ്, എൽ.എൻ.സി.പി. ഇ എന്നിവിടങ്ങളിലേക്കുള്ള 2020-21 അദ്ധ്യയന വർഷത്തെ എം.ഫിൽ പ്രവേശനത്തിനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അപേക്ഷിക്കാനുള്ള അവസാന തീയതി 2020 ഒക്ടോബർ 28. പ്രവേശന പരീക്ഷ 2020 നവംബർ 6 ന് ആരംഭിക്കും. വിശദവിവരം admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**17.10.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**